പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 401 19.03.2013 ൽ മറുപടിക്ക്

## ചീമേനിയിലെ താപ വൈദ്യുത നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ചീമേനിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള താപവൈദ്യുത നിലയത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) 12 -ാം പദ്ധതിക്കാലത്ത് പുതിയ വൈദ്യുത പദ്ധതികൾക്ക് ആഭ്യന്തര പ്രകൃതി വാതകം ലഭിക്കാൻ സാധ്യതയില്ലെന്ന് കേന്ദ്ര വൈദ്യുത മന്ത്രാലയം അറിയിച്ച സാഹചര്യത്തിൽ, ഇറക്കുമതി ചെയ്ത വാതകമുപയോഗിച്ച് നിർദ്ദിഷ്ട നിലയത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കേണ്ടി വന്നാൽ, അതിന് ഉയർന്ന വില നല്കേണ്ടി വരുമെന്നതിനാൽ പവർ പർച്ചേസ് എഗ്രിമെന്റിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല. PPA യിൽ തീരുമാനമായാലുടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇതിനായി ചീമേനി വില്ലേജിൽ എത്ര ഏക്കർ ഭൂമിയാണ് ആവശ്യമുള്ളതെന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ? | (ബി) 200 ഏക്കർ ഭൂമിയാണ് ആവശ്യമുള്ളത് പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ